# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3893 — 24.08.2017-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ചികിത്സക്കായി ധനസഹായങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ചികിത്സക്കായി ഓരോ വിഭാഗത്തിനും നൽകുന്ന ധനസഹായം, ആയതിന് ആവശ്യമായ രേഖകൾ, അപേക്ഷിക്കേണ്ട രീതി, മറ്റ് മാനദണ്ഡങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അവ എന്താണെന്ന് വിശദീകരിക്കുമോ; | (എ) | മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽ 1,00,000/- രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് ബഹു.പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000 രൂപ വരെ ചികിത്സാ ധനസഹായം അനുവദിച്ചു വരുന്നു. ഹൃദയ ശസ്ത്രക്രിയ, ക്യാൻസർ, ഹീമോഫീലിയ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് 1,00,000/- രൂപ വരെ നൽകുന്നു. ചികിത്സാധനസഹായത്തിന് നിശ്ചിത ഫോമിലുള്ള അപേക്ഷ, ജാതി/വരുമാന/ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ, റേഷൻകാർഡിന്റെ പകർപ്പ് എന്നിവ സഹിതം പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ബഹു.വകുപ്പുമന്ത്രിയ്ക്ക് നേരിട്ടും അപേക്ഷ നൽകാവുന്നതാണ്. 1/9/2017 മുതൽ ഓൺലൈൻ ആയാണ് നടപ്പാക്കുന്നത്.<br>**<u>മാനദണ്ഡങ്ങൾ;</u>**<br>എ) ചികിത്സാധനസഹായം ലഭിക്കുന്നതിന് അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം വരെ ആകാവുന്നതാണ്.<br>ബി) അപേക്ഷകന്റെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ പട്ടികജാതി വികസന ഓഫീസർ/ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേതാണ്. |

| | | | |
|---|---|---|---|
| | | | സി) കാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം ഹീമോഫീലിയ തുടങ്ങിയ മാരക രോഗങ്ങളുടെ ചികിത്സക്കായി ഒരു ലക്ഷം രൂപവരെ ധനസഹായം അനുവദിക്കാറുണ്ട്. ഇപ്രകാരം അനുവദിക്കുന്ന തുക ചികിത്സ നടത്തുന്ന ആശുപത്രിയ്ക്ക് നൽകുന്നു. |
| (ബി) | ഇത് സംബന്ധിച്ച പ്രത്യേക അപേക്ഷാഫോമോ മറ്റോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ? | (ബി) | ചികിത്സാധനസഹായവുമായി ബന്ധപ്പെട്ടുള്ള നിശ്ചിത ഫോമിലുള്ള അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

## പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായമനുവദിക്കുന്നതിനുള്ള അപേക്ഷാ ഫോറം

1. അപേക്ഷകന്റെ പേര് :
2. സ്ഥിരമായ മേൽവിലാസം :
3. ഫോൺ നമ്പർ :
4. ജാതി/സമുദായം :
5. തൊഴിൽ, മാസവരുമാനവും :
6. ധനസഹായം ഏത് ആവശ്യത്തിന് :
7. അപേക്ഷകനും രോഗിയും തമ്മിലുള്ള ബന്ധം :
8. ആവശ്യമായ തുക :
9. നിർദ്ദിഷ്ട കാര്യത്തിനുള്ള ആകെ ചിലവ് :
10. മറ്റേതെങ്കിലും വകുപ്പിൽ നിന്നോ ഗവൺമെന്റ് സ്ഥാപനത്തിൽ നിന്നോ ധനസഹായം ലഭിക്കുന്നുവെങ്കിൽ സ്ഥാപനം ഏതെന്നും തുക എത്രയെന്നും വ്യക്തമാക്കുക :
11. ഇതോടൊപ്പം ഹാജരാക്കിയിട്ടുള്ള സർട്ടിഫിക്കറ്റുകളുടെ വിശദവിവരങ്ങൾ :

ശ്രീ ............................................... ആയ ഞാൻ മേൽപ്പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യമാണെന്ന് പ്രതിജ്ഞ ചെയ്യുന്നു. ഇതേ കാര്യത്തിനു മറ്റൊരിടത്തു നിന്നും ഞാൻ ധനസഹായം കൈപ്പറ്റിയിട്ടില്ലെന്നും ബോധിപ്പിച്ചു കൊള്ളുന്നു.

സ്ഥലം :

തീയതി :

അപേക്ഷകന്റെ ഒപ്പ്

# പട്ടികജാതി വികസന വകുപ്പ്

**പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രിയുടെ ഔദ്യോഗിക നാമധേയത്തിൽ രൂപീകരിച്ചിട്ടുള്ള ദുരിതാശ്വാസ നിധിയിൽ നിന്നും ഉള്ള ധനസഹായത്തിനുള്ള അപേക്ഷ**

1. അപേക്ഷകന്റെ പേര്, വയസ്, ആധാർ നമ്പർ :
2. ഇപ്പോഴത്തെ പൂർണ്ണമായ മേൽവിലാസം ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തിരിച്ചറിയൽ കാർഡ് നമ്പർ :
3. ജാതി (തഹസിൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കണം) :
4. കുടുംബ വാർഷിക വരുമാനം (വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം) :
5. അപേക്ഷകന്റെ തൊഴിൽ :
6. അസുഖത്തിന്റെ പേര്/ അത്യാഹിതത്തിന്റെ വിവരം :
7. എന്നു മുതൽ ചികിത്സയിലാണ് ? ഇനി എത്രകാലം ചികിത്സ വേണ്ടിവരും ? :
8. ചികിത്സയ്ക്കായി നാളിതുവരെ എത്ര രൂപ ചെലവായി ? ഇനിയും എത്ര രൂപ വേണ്ടിവരും ? :
9. ഏത് ആശുപത്രിയിലാണ് ചികിത്സ ? :
10. ചികിത്സിക്കുന്ന ഗവ. ഡോക്ടറിൽ നിന്നും ഉള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ ? ആയത് പ്രകാരം ചികിത്സ എത്ര രൂപയാണ് ? :
11. ചികിത്സ ആവശ്യമായി വന്നത് അപേക്ഷിക്കുന്ന വ്യക്തിക്ക് അല്ലെങ്കിൽ ആർക്കുവേണ്ടിയാണ് അപേക്ഷിക്കുന്നത്? ആ വ്യക്തിയുമായുള്ള ബന്ധം ? :
12. ഇതേ ആവശ്യത്തിന് മുമ്പ് ഏതെങ്കിലും വകുപ്പിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോ ? എങ്കിൽ ഏത് വകുപ്പിൽ നിന്ന് ? എത്ര രൂപ ? :

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സത്യമാണെന്ന് ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം : അപേക്ഷകന്റെ ഒപ്പ് :

തീയതി : പേര് :

പട്ടികജാതി വികസന ഓഫീസറുടെ അഭിപ്രായം
(ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ)

GCPT. 9/3890/2013/55,000/DTP (1).